## ആൾദൈവങ്ങളുടെ രാഷ്ട്രീയം




**ആൾദൈവങ്ങളെക്കുറിച്ച്** നടന്നുവരുന്ന വിവാദം ഗൗരവപൂർണമായ ഒരു സംവാദത്തിന്റെ തലത്തിലേക്കുയർത്താൻ സഹായിക്കുന്ന കൃതിയാണ് വചനം ബുക്സിന്റെ ‘ആൾദൈവങ്ങളുടെ രാഷ്ട്രീയം.’ മതപരമോ ആത്മീയമോ ആയ വിഷയം മാത്രമല്ല ഇന്ന് ആൾദൈവങ്ങൾ. ആതീവഗുരുതരമായ ഒരു സാമൂഹിക-രാഷ്ട്രീയ പ്രശ്നമാണത്. അന്ധവിശ്വാസങ്ങളുടെ പ്രചാരണത്തിലും ഭക്തരെ ചൂഷണം ചെയ്യുന്നതിലും പരിമിതമല്ല, അതിലുപരി ആഗോളീകരണത്തിന്റെയും മുതലാളിത്തത്തിന്റെയും ഒളിയജണ്ടകളാണ് ആൾദൈവ വ്യാപനത്തിന് പിന്നിലുള്ളത്.

വിഷയത്തെക്കുറിച്ച് വിവിധ മേഖലകളിലുള്ളവരുടെ ലേഖനങ്ങളുടെ സമാഹാരമാണ് പുസ്തകം. ഫാദർ ജിയോ പയ്യപ്പിള്ളി (ആത്മീയതയും ആൾ(ൽ) ദൈവങ്ങളും), ഡോ. പ്രിയദർശൻലാൽ (ആൾദൈവം), ഒ. അബ്ദുർറഹ്മാൻ (ആൾദൈവങ്ങൾ ഉണ്ടാകുന്നത്), കെ.ഇ.എൻ (ആൾദൈവങ്ങൾ: അകവും പുറവും), ഇസ്മാഈൽ വഫ (ആൾദൈവങ്ങളുടെ മനഃശാസ്ത്രം), സിവിക് ചന്ദ്രൻ (എന്തുകൊണ്ട് ആൾദൈവങ്ങൾ), മുജീബുർറഹ്മാൻ കിനാലൂർ (ആത്മീയ കമ്പോളത്തിലെ കൂട്ടുകച്ചവടം), കെ.സി വർഗീസ് (ആത്മീയാചാര്യന്മാരുടെ അസംബന്ധ ചെയ്തികൾ), എം. ഷിജു (ഐക്കൺ ആൾദൈവങ്ങൾ ശാസ്ത്ര ദൃഷ്ടിയിൽ) എന്നിവരാണ് ലേഖകർ. കെ.ഇ.എൻ കുഞ്ഞഹമ്മദിന്റേത് അഭിമുഖമാണ്.

വിഷയത്തെ ഗൗരവപൂർവം സമീപിക്കുന്ന കെ.ഇ.എൻ, കച്ചവട ആത്മീയതക്കുപിന്നിലെ സാമ്രാജ്യത്വ അജണ്ടകളെയും വർഗീയ ഫാഷിസ്റ്റുകൾ അമൃതാനന്ദമയി ഉൾപ്പെടെയുള്ള ആൾദൈവങ്ങളെ ഉപയോഗിക്കുന്നതിനെയും വിശകലനം ചെയ്യുന്നുണ്ട്. എഡിറ്റർ: റഹ്മാൻ മുന്നൂർ.

പേജ്: 87, വില: 45. പ്രസാധനം: വചനം ബുക്സ്, നൂർ കോംപ്ലക്സ്, കോഴിക്കോട്.

## ഇസ്ലാം ക്വിസ്

### അബ്ദുർറഹ്മാൻ മങ്ങാട്




**ഇസ്ലാമിക** വിജ്ഞാന സാഗരത്തിലേക്ക് പ്രവേശിക്കാനാഗ്രഹിക്കുന്നവർക്ക് ഉത്തമ ദിശാ സൂചിയാണ് അബ്ദുർറഹ്മാൻ മങ്ങാടിന്റെ ‘ഇസ്ലാം ക്വിസ്’ എന്ന പുസ്തകം. ഇസ്ലാമിക വിഷയങ്ങളിൽ മലയാളത്തിൽ പ്രസിദ്ധീകൃതമായ ക്വിസ് പുസ്തകങ്ങളിൽനിന്നും ഏറെ വ്യത്യസ്തമായ ഈ കൃതി, ഇസ്ലാമിക വിജ്ഞാന മേഖലയുടെ ആഴവും പരപ്പും ബോധ്യപ്പെടുത്തുന്നു. ഖുർആൻ, നബിയും കുടുംബയും, പ്രവാചക കഥകൾ, ഇസ്ലാമിക ചരിത്രം, ഇസ്ലാമിക സംസ്കാരം, സാഹിത്യം, മാപ്പിളപ്പാട്ട്, ജീവചരിത്രം എന്നിങ്ങനെ എട്ട് അധ്യായങ്ങൾ. ഒട്ടേറെ പുതിയ ചോദ്യങ്ങൾ കണ്ടെത്തി അവതരിപ്പിക്കാൻ ചരിത്ര ഗവേഷകൻ കൂടിയായ ഗ്രന്ഥകാരന് സാധിച്ചിട്ടുണ്ട്. അവയിലൂടെ കടന്നുപോകുമ്പോൾ വിശുദ്ധ ഖുർആനും ഇസ്ലാമിക ചരിത്രവും കൂടുതൽ പഠിക്കാനുള്ള താൽപര്യം വായനക്കാരിൽ ഉടലെടുക്കാതിരിക്കില്ല.

പേജ്: 28 വില: 75 അൽഹുദാ ബുക്സ്റ്റാൾ കോഴിക്കോട് - 1

## ഫാതിഹ സമ്പൂർണ വ്യാഖ്യാനം

### മൗലാനാ അബുൽ കലാം ആസാദ്




**വിഖ്യാത** ഇസ്ലാമിക പണ്ഡിതനും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ മുൻനിരനായകനുമായിരുന്നു മൗലാനാ അബുൽ കലാം ആസാദ്. അദ്ദേഹത്തിന്റെ സുപ്രസിദ്ധ ഖുർആൻ വിശദീകരണ ഗ്രന്ഥമാണ് തർജുമാനുൽ ഖുർആൻ. ഖുർആനികാശയങ്ങളുടെ ആഴങ്ങളിലൂടെയുള്ള വൈജ്ഞാനിക യാത്രയാണ് തർജുമാനുൽ ഖുർആൻ. നാലു ഭാഗങ്ങളിലായി 23 സൂറത്തുകളുടെ വിവർത്തനവും വ്യാഖ്യാനവുമാണ് തർജുമാനുൽ ഖുർആൻ.

തർജുമാനുൽ ഖുർആനിലെ സൂറത്തുൽ ഫാതിഹയെ വിശദീകരിക്കുന്ന ആദ്യഭാഗത്തിന്റെ വിവർത്തനമാണ് ‘ഫാതിഹ സമ്പൂർണ വ്യാഖ്യാനം.’ ഖുർആൻ പഠനത്തിനുള്ള മികച്ച ആമുഖം കൂടിയാണീ പുസ്തകം. ഡോ. എ.എൻ.പി ഉമർകുട്ടിയും അഡ്വ. സി.ഒ.ടി ഉമറുമാണ് വിവർത്തകർ. ലളിത ഭാഷയിലുള്ള പരിഭാഷ, മികച്ച അച്ചടി.

പേജ്: 200, വില: 100.
പ്രസാധനം: നവധാര പബ്ലിഷേഴ്സ്, പി.ബി നമ്പർ 29, നോർത്ത് കളമശ്ശേരി പി.ഒ - 683 104, എറണാകുളം ജില്ല.